2336
28/2/15-

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് ഭരണാനുമതി നൽകി, ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം.97/2015/സാനീവ

തീയതി, തിരുവനന്തപുരം 18.02.2015

---

പരാമർശം: സാമുഹ്യനീതി ഡയറക്ടറുടെ 28.10.2014 ലെയും 06.12.2014 ലെയും എഫ്2/14538/14 നമ്പർ കത്തുകൾ.

## ഉത്തരവ്

സാമുഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ ഉന്നതവിദ്യാഭ്യാസം നടത്തുന്ന അന്തേവാസികൾക്ക് പഠന സൗകര്യാർത്ഥം 6 ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്നും വാങ്ങി നൽകുന്നതിന് പരാമർശകത്ത് പ്രകാരം സാമുഹ്യനീതി ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു. ഇതിന്റെ വിലയായ 2,39,400 (39,900X6) രൂപ വനിതാ വികസന പദ്ധതി ശീർഷകമായ 2235-02-103-92(പി) ൽ വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് വിദ്യാഭ്യാസ തൊഴിൽ പരിശീലനം ഉൾപ്പെടെയുള്ള പരിപാലനവും സഹായവും എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് വാങ്ങിക്കൊടുക്കുന്ന ലാപ്ടോപ്പുകൾ അവരുടെ പഠനം കഴിഞ്ഞശേഷം തിരികെ വാങ്ങുന്നതാണെന്നും ആവശ്യമുള്ള പക്ഷം അടുത്ത കുട്ടിയ്ക്ക് രേഖാമൂലം കൈമാറുന്നതാണെന്നും സാമുഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി വനിതാക്ഷേമ സ്ഥാപനങ്ങളിലെ ഉന്നത വിദ്യാഭ്യാസം നടത്തുന്ന അന്തേവാസികൾക്ക് പഠനാവശ്യത്തിനായി 6 ലാപ്ടോപ്പുകൾ കെൽട്രോൺ വഴി വാങ്ങുന്നതിന് 2,39,400 രൂപ (രണ്ടു ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി നാനൂറ് രൂപ മാത്രം) വനിതാ വികസന പദ്ധതി ശീർഷകമായ 2235-02-103-92(പി)ൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

- വാങ്ങലുകൾ സ്റ്റോർ പർച്ചേയ്സ് നിയമങ്ങൾക്കനുസൃതമായായിരിക്കണം.
- അന്തേവാസി പഠിക്കുന്ന കോഴ്സിന് ലാപ്ടോപ്പ് സഹായം അനിവാര്യമാണെന്ന് കാണിച്ചുകൊണ്ട് ടിയാൾ പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയിൽ നിന്നും ലഭ്യമായിട്ടുള്ള സാക്ഷ്യപത്രം കൈപ്പറ്റിയതിനുശേഷമേ ലാപ്ടോപ്പ് അനുവദിക്കുവാൻ പാടുള്ളു.
- ലാപ്ടോപ്പുകൾ ക്ഷേമ സ്ഥാപന മേധാവികൾ മുഖേനെയായിരിക്കണം അന്തേവാസികൾക്ക് അനുവദിക്കേണ്ടത്.
- ലാപ്ടോപ്പ് ഉപയോഗിക്കുന്നവരുടെ പേരു വിവരങ്ങൾ ശേഖരിച്ച് ഒരു രജിസ്റ്റർ തയ്യാറാക്കുകയും അതിന്മേൽ കാർഡ് നൽകുകയും ഉപയോഗം തീരുന്ന മുറയക്ക് ക്ഷേമ സ്ഥാപന മേധാവിയെ തിരിച്ചേല്പ്പിക്കുകയും ചെയ്യേണ്ടതാണ്. എല്ലാ നടപടികളും സ്ഥാപന മേധാവിയുടെ മേൽനോട്ടത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
- ഗുണഭോക്താവ് ലാപ്ടോപ്പ് വിൽക്കുവാനോ, അന്യാധീനപ്പെടുത്തുവാനോ, കേടുപാടുകൾ വരുത്തുവാനോ പാടുള്ളതല്ലായെന്നും അപ്രകാരം സംഭവിക്കുന്ന പക്ഷം ആയതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട ക്ഷേമ സ്ഥാപന മേധാവിക്കായിരിക്കുമെന്നും അത്തരം സാഹചര്യത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം നിയമാനുസൃതമാർഗ്ഗങ്ങളിലൂടെ സ്ഥാപനമേധാവിയിൽ നിന്നും ഈടാക്കുന്നതാണെന്നും ലാപ്ടോപ്പുകളുടെ ഉടമസ്ഥാവകാശം സാമുഹ്യനീതി വകുപ്പിൽ നിക്ഷിപ്തമായിരിക്കുമെന്നും പഠനം പൂർത്തിയായശേഷം ലാപ്ടോപ്പുകൾ സാമുഹ്യനീതി ഡയറക്ടറേറ്റിൽ തിരിച്ചേല്പ്പിക്കേണ്ടതാണെന്നും വ്യക്തമാക്കിക്കൊണ്ടുള്ള ഉടമ്പടി ഡയറക്ടർ ക്ഷേമ സ്ഥാപന മേധാവിയുമായി ഉണ്ടാക്കിയതിനുശേഷം മാത്രമേ ലാപ്ടോപ്പ് അസിസ്റ്റൻസ് അനുവദിക്കുവാൻ പാടുള്ളു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ,സാമുഹ്യനീതി വകുപ്പ്,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അനൗദ്യോഗിക കുറിപ്പ് നം. 948/ഡബ്ല്യുഡബ്ല്യു3/15/ധന തീയതി 03.02.15)
വെബ്ബ് ആന്റ് ന്യു മീഡിയ ( വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ